നമ്പർ. സി.ബി. (1) 39720/08

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി 25-08-2008

## സർക്കുലർ നമ്പർ 61 (എ)/2008

വിഷയം : സഹകരണ വകുപ്പ് - കാർഷിക വായ്പാ അവലോകന കമ്മിറ്റി നിർദ്ദേശം - സർക്കുലർ റദ്ദു ചെയ്യുന്നത് സംബന്ധിച്ച്.

സൂചന : (1) സഹകരണ സംഘം രജിസ്ട്രാറുടെ 08-07-08 ലെ 29/08 നമ്പർ സർക്കുലർ.

(2) ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-07-08 നു കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം.

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകളുടെ പലിശ നിരക്ക് കുറച്ചതിനെ തുടർന്ന് ടി വായ്പകളുടെ ദുരുപയോഗം തടയുന്നതിനും, കാർഷിക ആവശ്യത്തിനു തന്നെയാണ് വായ്പ വിനിയോഗിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനും, പഞ്ചായത്തു തലത്തിൽ കാർഷിക വായ്പാ അവലോകന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നതിനായി സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

കാർഷിക വായ്പകൾക്കായുള്ള മോണിറ്ററിംഗ് കമ്മിറ്റി, സർക്കാർ നിർദ്ദേശിച്ച രീതിയിൽ യഥാസമയം കൂടാത്തതിനാലും, ഫലപ്രദമായി പ്രവർത്തിക്കാത്തതിനാലും കാർഷിക വായ്പാ വിതരണം സുഗമമായി നടത്തുവാൻ കഴിയാത്ത സാഹചര്യമാണെന്നും ആയതിനാൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരുടെ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലും കാർഷിക വായ്പകൾ വിതരണം ചെയ്യണമെന്നും ആയതിനായി പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം നിർത്തലാക്കുന്നതിനും സൂചന (2) പ്രകാരം കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യം കണക്കിലെടുത്ത് ഇതു സംബന്ധിച്ച് നിർദ്ദേശം നൽകിയിരുന്ന സൂചന (1) സർക്കുലർ ഇതിനാൽ റദ്ദു ചെയ്യുന്നു. ഇനിമേൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരുടെ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലും കാർഷിക വായ്പാ വിതരണം ചെയ്യേണ്ടതാണ്. കാർഷിക വായ്പ ആവശ്യമുള്ള അർഹതയുള്ള മുഴുവൻ കർഷകർക്കും കാർഷിക വായ്പ ലഭ്യമാക്കുന്നതിനും, കാർഷിക വായ്പയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി പരമാവധി കാർഷിക വായ്പ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാർ

...................... തുടർച്ച 2

പകർപ്പ്

1) മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന സഹകരണ ബാങ്ക്,
തിരുവനന്തപുരം

2) പ്രസിഡന്റ്/ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.

3) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ഓഡിറ്റ്) മാർക്കും.

4) എല്ലാ പ്രാഥമിക സഹകരണ കാർഷിക വായ്പാ
സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും
(ജോയിന്റ് രജിസ്ട്രാർമാർ മുഖേന)

5) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ഓഡിറ്റ്) മാർക്കും.
(ജോയിന്റ് രജിസ്ട്രാർമാർ മുഖേന)

6) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ.

7) എഡിറ്റർ, സഹകരണ വീഥി/ജേർണൽ.

8) സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

Ramu

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി